"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

FCSD - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ലക്ഷ്മിശ്രീ സി.എസ്. സർക്കാർ അനുമതി ഇല്ലാതെ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടർന്ന 11/11/2022 മുതൽ 28/02/2023 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 140സി-യിൽ ഇളവ് വരുത്തി ഡെപ്യൂട്ടേഷന്റെ തുടർച്ചയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2025/F&CS തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. 06.11.2021 ലെ സ.ഉ.(സാധാ) നം. 440/2021/ഭ.പൊ.വി.വ.
2. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 22/10/2022-തീയതിയിലെ D1/22102/16 നമ്പർ കത്ത്.
3. 11/10/2023-തീയതിയിലെ കൃഷി (ഇഎ) വകുപ്പിന്റെ AGRI-EA1/10/2023-AGRI നമ്പർ അനൗദ്യോഗിക കുറിപ്പ്.
4. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 14/06/2024-തീയതിയിലെ KSCSC/258/2023-D1(ADMN) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി ലക്ഷ്മിശ്രീ സി.എസ്-നെ പരാമർശം (1) പ്രകാരം സപ്ലൈകൊയിൽ പാഡി മാർക്കറ്റിംഗ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതും, ഇതു പ്രകാരം ടിയാളുടെ സപ്ലൈകൊയിലെ അന്യത്ര സേവന കാലാവധി 10/11/2022-തീയതിയിൽ അവസാനിക്കുന്നതിനാൽ, അന്യത്ര സേവനം 11/11/2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനു 01/08/2022-ൽ ശ്രീമതി ലക്ഷ്മിശ്രീ സി.എസ് സമർപ്പിച്ച അപേക്ഷ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശിപാർശ ഉൾപ്പെടെ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ശ്രീമതി ലക്ഷ്മിശ്രീ സി.എസ് -ന്റെ സപ്ലൈക്കോയിലെ അന്യത്ര സേവനം കൃഷി വകുപ്പ് റദ്ദ് ചെയ്യുകയും, 28/02/2023-തീയതിയിൽ ടിയാളെ സപ്ലൈക്കോയിൽ നിന്നും വിടുതൽ ചെയ്യുകയും ഉണ്ടായി. ഉദ്യോഗസ്ഥ ദൗർലഭ്യം കാരണം നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുന്നതിനായാണ് കാലാവധി കഴിഞ്ഞും ടിയാൾ സപ്ലൈകൊയിൽ തുടർന്നതെന്നും, ഈ സാഹചര്യത്തിൽ, ശ്രീമതി ലക്ഷ്മിശ്രീ സി.എസ്., പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിൽ സപ്ലൈകൊയിൽ അന്യത്ര സേവനത്തിൽ തുടർന്ന 11/11/2022 മുതൽ 28/02/2023 വരെയുള്ള അധിക കാലയളവ് ക്രമീകരിച്ച് നൽകുന്നതിന് സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ) പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമയബന്ധിതമായി പൂർത്തീകരിക്കേണ്ട നെല്ല് സംഭരണം, ഇതിന് പൂർണ്ണ ചുമതല വഹിക്കുന്ന ബന്ധപ്പെട്ട Paddy Marketing Officer-ൽ നിക്ഷിപ്തമായിട്ടുള്ള സാഹചര്യത്തിലാണ് അന്യത്ര സേവന കാലാവധി കഴിഞ്ഞും ടി ഉദ്യോഗസ്ഥ

സപ്ലൈക്കോയിൽ തുടർന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ലക്ഷ്മിശ്രീ സി.എസ്. സർക്കാർ അനുമതി ഇല്ലാതെ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടർന്ന 11/11/2022 മുതൽ 28/02/2023 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 140സി-യിൽ ഇളവ് വരുത്തി പരാമർശം (1) പ്രകാരമുള്ള അന്യത്രസേവനകാലാവധിയുടെ തുടർച്ചയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്ധ്യ എസ് ആർ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.
കൃഷി (ഇഎ) വകുപ്പ് (11/10/2023-തീയതിയിലെ കൃഷി (ഇഎ) വകുപ്പിന്റെ AGRI-EA1/10/2023-AGRI അ.കുറിപ്പ്)
ധനകാര്യ വകുപ്പ് (No.2811564/Agri-A1/150/2024-FIN, തീയതി 14/11/2024)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 25-03-2025 16:47:19
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.